# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T5927

07.07.2014-ൽ മറുപടിയ്ക്ക്

## നഗരസഭകളുടെ രൂപീകരണം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| പുതിയ മുൻസിപ്പാലിറ്റികൾ രൂപീകരിക്കുന്നതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമോ; മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതു മൂലമുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; കൂടുതൽ കേന്ദ്ര ഫണ്ട് ലഭ്യമാകുവാൻ സാധ്യതയുണ്ടോ? | നഗരസഭയാകുന്നതോടെ ജീവനക്കാർ കൂടുന്നതിനാൽ ഭരണച്ചെലവിനത്തിൽ അധിക സാമ്പത്തിക ബാധ്യതയുണ്ടാകും. മുനിസിപ്പാലിറ്റികളായി പരിവർത്തിപ്പിക്കപ്പെടുന്നതിലൂടെ കൂടുതൽ ആസൂത്രിതവും സമഗ്രവുമായ വികസന പദ്ധതികൾ സുസാദ്ധ്യമാവും. പ്രത്യേകം എഞ്ചിനീയറിംഗ് വിഭാഗവും, ആരോഗ്യ വിഭാഗവും നിലവിൽ വരും. ക്ലീനിംഗ് ഫലപ്രദമായി നടത്താൻ കണ്ടിജന്റ് വിഭാഗം തൊഴിലാളികളുമുണ്ടാവുന്നതാണ്. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിക്കുന്നതു കൂടാതെ കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ